**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1073** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര സാധ്യതയുള്ള ഏതെല്ലാം പ്രദേശങ്ങളാണ് പൊതുജന സന്ദർശനത്തിനായി തുറന്നുകൊടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ പഞ്ചായത്തിൽ പഴശ്ശി ബാരേജിന്റെ വൃഷ്ടി പ്രദേശത്ത് പ്രവൃത്തി പുരോഗമിച്ച് വരുന്ന പഴശ്ശി പടിയൂർ ഇക്കൊ ടൂറിസം പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതാണ്.<br><br>ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചമ്രവട്ടം, വെള്ളിയാങ്കല്ല് എന്നീ റെഗുലേറ്ററു കളുടെ പരിസരത്തുള്ള വിനോദ സഞ്ചാര സാധ്യതയുള്ള പ്രദേശങ്ങൾ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാവുന്നതാണ്.<br><br>മൂലത്തറ റെഗുലേറ്റർ ഇറിഗേഷൻ ടൂറിസത്തിന് 4.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കാഞ്ഞിരപ്പുഴ ഉദ്യാനം ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി ഇറിഗേഷൻ ടൂറിസം പോളിസി പ്രഖ്യാപിച്ച സാഹചര്യത്തിൽ സ്വകാര്യ പങ്കാളിത്തത്തോടു കൂടിയുള്ള വലിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>പഴശ്ശി-പടിയൂർ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടെ ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതി കെ.ഐ.ഐ.ഡി.സി നടപ്പിലാക്കി വരുന്നു. വെള്ളിയാങ്കല്ല് റെഗുലേറ്റ റിന്റെ പരിസരത്ത് (വലതുകരയിൽ മുകൾ ഭാഗത്ത്) ജലസേചന വകുപ്പിന്റെ ഉടമസ്ഥതയി ലുള്ള സ്ഥലത്ത് പാർക്ക് നിർമ്മാണം പരിഗണനയിലാണ്.<br><br>മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി-(എം.വി.ഐ.പി)-യുടെ മലങ്കര ഡാം റിസർ വോയർ ഏരിയായിൽ ഡാമിനോട് ചേർന്ന് ടൂറിസം ഹബ്ബ്, കുട്ടികളുടെ പാർക്ക് എന്നിവ ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. |

കല്ലട ജലസേചന പദ്ധതി- കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിൽ വരുന്ന പരപ്പാർ ഡാമും അനുബന്ധ നിർമ്മിതികളും നിലവിൽ വിനോദ സഞ്ചാരത്തിനായി തുറന്നു കൊടുത്തിട്ടുണ്ട്.

പെരിയാർ വാലി ജലസേചന പദ്ധതി - പെരിയാർ വാലി ഇറിഗേഷൻ പദ്ധതിയുടെ പി.വി.ഐ.പി ഡിവിഷൻ പെരുമ്പാവൂരിന്റെ കീഴിലായി ഭൂതത്താൻകെട്ട് ബാരേജും, അതിനോടനുബന്ധിച്ചുള്ള പാർക്കും, ബോട്ട് സർവ്വീസും കൂടാതെ നേര്യമംഗലത്ത് ബോട്ട് ജെട്ടി, പെരുമ്പാവൂർ പട്ടാലിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ പാർക്ക് എന്നിവ പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിരിക്കുകയാണ്.

ഇടമലയാർ ജലസേചന പദ്ധതി- ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ കീഴിലുള്ള ഐ. ഐ. പി ഡിവിഷൻ ചാലക്കുടിയുടെ കീഴിലായി ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം, തുമ്പൂർമുഴി ഗാർഡൻ, മലയാറ്റൂർ മണ്ണപ്പാട്ടുചിറ എന്നിവിടങ്ങളിൽ ഡി.ടി.പി.സി യുടെ കീഴിൽ വിനോദ സഞ്ചാര പ്രവൃത്തികൾ നടത്തിവരുന്നുണ്ട്.

ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ കിഴിലുള്ള ഐ. ഐ. പി ഡിവിഷൻ നം. 1, അങ്കമാലിയുടെ കീഴിലുള്ള ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നത് ഭൂതത്താൻകെട്ട് റിസർവോയറിനോട് ചേർന്ന് ഫോറസ്റ്റ് ചെക്ക് പോസ്റ്റിനടുത്തായാണ്. ഈ ക്വാർട്ടേഴ്സുകൾ എല്ലാം തന്നെ ഭൂതത്താൻകെട്ട്

ബാരേജിന് അഭിമുഖമായാണ് നിർമ്മിച്ചിട്ടുള്ളത്. ടി ക്വാർട്ടേഴ്സുകൾ പുനരുദ്ധാരണം നടത്തി ഉപയോഗപ്രദമാക്കിയാൽ വിനോദ സഞ്ചാരി കൾക്ക് വാടകയ്ക്ക് നൽകുവാൻ കഴിയും. ക്വാർട്ടേഴ്സ് കോമ്പൗണ്ടിന്റെ സമീപത്തായി സ്ഥിതിചെയ്യുന്ന ഇൻസ്പെക്ഷൻ ബംഗ്ലാവ് അറ്റകുറ്റപണികൾ നടത്തി വാടകയ്ക്ക് നൽകുവാനും കഴിയും

പമ്പാ ജലസേചന പദ്ധതി - പമ്പാ ജലസേചന പദ്ധതിയുടെ കീഴിലായി മണിയാർ ബാരേജും അനുബന്ധസ്ഥലങ്ങളും ഉൾകൊള്ളിച്ച് ബോട്ടിംഗ്, ഗാർഡനിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തി ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ നടപ്പാക്കാവു ന്നതാണ്.

വാഴാനി ഡാം - വാഴാനി ഡാം, അതിനോടനു ബന്ധിച്ചുള്ള ഗാർഡൻ എന്നിവ ഡി. ടി പി സി യുടെ

| | | | |
|---|---|---|---|
| | | | മേൽ നോട്ടത്തിൽ വിനോദ സഞ്ചാരികൾ ക്കായി തുറന്നു കൊടുത്തിട്ടുള്ളതാണ്.<br><br><u>ചിമ്മിനി ഡാം</u>- ചിമ്മിനി ഡാം വിനോദ സഞ്ചാര സാധ്യതയുള്ള പ്രദേശമാണ്. ഇറിഗേഷൻ ഡാം ടൂറിസവുമായി ബന്ധപ്പെട്ടിട്ടുള്ള ലിസ്റ്റിൽ ചിമ്മിനി ഡാം ഉൾപ്പെട്ടിട്ടുണ്ട്.<br><br><u>നെയ്യാർ ജലസേചന പദ്ധതി</u>. നിലവിൽ നെയ്യാർ ഡാം ക്യാമ്പസ് സന്ദർശകർക്കായി തുറന്നു നൽകിയിട്ടുണ്ട്.<br><br>പീച്ചി ഡാം നിലവിൽ വിനോദ സഞ്ചാരത്തി നായി ഡി.റ്റിപി.സി.യുടെ മേൽ നോട്ടത്തിൽ പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുള്ള താണ്. |
| (ബി) | ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി. ജില്ലാ കളക്ടറും, എക്സിക്യൂട്ടീവ് എഞ്ചിനീയറും, ഡിറ്റി.പി.സി-യും സംയുക്ത നേതൃത്വത്തിലാണ്. മലങ്കര ടൂറിസ്റ്റ് ഹബ്ബ് നടപ്പിലാക്കിയിരിക്കുന്നത് കല്ലട ജലസേചന പദ്ധതി. ടൂറിസവുമായി ബന്ധപ്പെട്ട KIIDC പ്രവൃത്തികൾ ഡാം ക്യാമ്പ സിൽ നടന്നുവരികയാണ്. കൂടാതെ ഡാമിന്റെയും ഒറ്റക്കൽ വിയറിന്റെയും ടൂറിസം സാദ്ധ്യത മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള DPR തയ്യാറായിട്ടുണ്ട്.<br><br>പെരിയാർ വാലി ജലസേചന പദ്ധതി - പി വി. ഐ. പി ഡിവിഷൻ നം. 2 ആലുവയുടെ കോമ്പൗണ്ടുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തിയുടെ ഒന്നാംഘട്ടത്തിൽ നടപ്പിലാക്കാവുന്ന പ്രവർത്തന ങ്ങൾക്കായി 185 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും രണ്ടാംഘട്ട പ്രവൃത്തികൾക്കായി 450 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.<br><br><u>പമ്പാ ജലസേചന പദ്ധതി</u> - പമ്പാജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് പി.ഐ.പി ഡിവിഷൻ ചെങ്ങന്നൂരിന്റെ കീഴിലായി ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗാർഡനിംഗ് നടപ്പിലാക്കുന്നതിനായി DRIP Phase II- ൽ 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടുത്തി യിട്ടുണ്ട്.<br><br><u>വാഴാനി ഡാം</u> - വാഴാനി ഡാമിലേക്കുള്ള വിനോദ സഞ്ചാരികൾക്കുള്ള പ്രവേശനം സംബന്ധിക്കുന്ന കാര്യങ്ങൾ ഡി.ടി.പി.സി യുടെ മേൽനോട്ട ത്തിലാണ് നടന്നു വരുന്നത്.<br><br><u>നെയ്യാർ ജലസേചന പദ്ധതി:</u> ടൂറിസം ഫണ്ട് ഉപയോഗിച്ച് നെയ്യാർ ഡാമിൽ നടപ്പിലാക്കുന്ന Destination Development of Neyyar Dam at |

| | | | |
|---|---|---|---|
| | | | Thiruvananthapuram എന്ന പ്രവൃത്തിക്ക് 3.50 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെ 9 Appendix -കൾ ഉള്ള ടി പ്രവൃത്തിയുടെ 4 Appendix-കൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.<br><br>കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിലെ ബാവിക്കര റെഗുലേറ്ററിനു സമീപമുള്ള പ്രദേശം കാഞ്ഞങ്ങാട് നഗര സഭയിലെ നമ്പ്യാർക്കൽ അണക്കെട്ടിനോടനു ബന്ധിച്ചുള്ള റിവർ വ്യൂ പാർക്ക് തിരുവനന്തപുരം ജില്ലയിലെ വെള്ളയാണികായൽ തുടങ്ങിയ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിനോദ സാധ്യതയുള്ള പ്രദേശങ്ങളാണ്.<br><br>പീച്ചി ഡാമിലേക്കുള്ള സന്ദർശകരെ നിയന്ത്രിക്കു ന്നതും ഡാമിന്റെ പ്രധാന ഗാർഡൻ പരിപാലിക്കുന്നതും ഡി.റ്റി.പി.സി.യുടെ മേൽ നോട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ